പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5796 05.07.2013 -ൽ മറുപടിക്ക്

# പൊതുമരാമത്ത് വകുപ്പിന് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടം

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം.പി. വിൻസെന്റ് :

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാ-മത്ത് വകുപ്പ് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ ;

(എ) ഉണ്ട്

(ബി) ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി പദ്ധതി വിഹിതത്തേക്കാൾ എത്ര ഇരട്ടി തുകയാണ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത് ; വിശദമാക്കുമോ

(ബി) & (സി)

കെ.എസ്.ടി.പി

ഈ സർക്കാരിന്റെ കാലത്ത് 31.03.2013 വരെ 275 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി കെ.എസ്.ടി.പി.ക്ക് ലഭിച്ചത്. ഈ കാലയളവിൽ 285.26 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയു-ണ്ടായി. 31.03.2013 വരെ നിർമ്മാണ പ്രവൃത്തികൾക്കും, കെ.എസ്.ടി.പി. ഒന്നിന്റെ ബാലൻസ് ജോലികൾക്കും ലാന്റ് അക്വിസിഷൻ, എൽ.എ.ആർ. കേസുകൾ, ഒന്നാം ഘട്ടത്തിന്റെ ഗ്യാപ് വർക്കുകൾ എന്നിവയ്ക്കു വേണ്ടി 297.02 കോടി രൂപ ചെലവഴിച്ചു.

കെട്ടിട വിഭാഗം

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലെ പദ്ധതി വിഹിതം 85.78 കോടി രൂപയും പദ്ധതി ചെലവ് 175.37 കോടി രൂപയുമാണ്. വിഹിതത്തേക്കാൾ രണ്ടിരട്ടി ചെലവഴിച്ചു. 2009 - 2010 സാമ്പത്തിക വർഷം അനുവദിച്ച വർക്കുകൾ നടപടിക്രമങ്ങൾ പൂർത്തിയായി പണികൾക്കുള്ള പെയ്മെന്റ് 2011-2012 ലും 2012-2013 ലും ആണ് നടത്തുവാൻ കഴിഞ്ഞിട്ടുള്ളത്.

നിരത്തുകളും പാലങ്ങളും

പദ്ധതി വിഹിതം 2011-2012 സാമ്പത്തിക വർഷം 588.37 കോടി രൂപയും ചെലവ് 1620.27 കോടി രൂപയുമാണ്. 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതം 541.08 കോടി രൂപയും ചെലവ് 1785 കോടി രൂപയുമാണ്.

പദ്ധതി വിഹിതത്തേക്കാൾ 2011-2012 സാമ്പത്തിക വർഷം 2.796 ഇരട്ടിയും 2012-2013 സാമ്പത്തിക വർഷം 3.3 ഇരട്ടിയും ചെലവഴിച്ചിട്ടുള്ളത്.

ദേശീയ പാതാ വിഭാഗം

| ക്രമ നം. | വർഷം | പദ്ധതി വിഹിതം (ലക്ഷത്തിൽ) | ചിലവ് (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2011-12 | 3910.84 | 6020.83 |
| 2 | 2012-13 | 4959.86 | 15800.01 |

2011-12 കാലയളവിൽ 1.54 ഇരട്ടിയും (153.95%) 2012-13 കാലയളവിൽ 3.19 ഇരട്ടിയും (318.58 %) ചിലവഴിച്ചു.

(ഡി) ഇത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) മേൽ സാമ്പത്തിക വർഷങ്ങളിൽ ദ്രുതഗതിയിൽ പൂർത്തിയാക്കിയ പ്രവൃത്തികൾക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് നിർദ്ദേശങ്ങൾ ഡിവിഷൻ ഓഫീസുകളിൽ നിന്ന് സമർപ്പിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ EMLI സോഫ്റ്റ് വെയറിൽ കൂടി സർക്കാരിൽ സമർപ്പിച്ച് ലെറ്റർ ഓഫ് ക്രെഡിറ്റ് നേടിയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ചെലവിൽ റെക്കാർഡ് നേട്ടം കൈവരിച്ചത്.

സെക്ഷൻ ഓഫീസർ